## മദർ അനസ്താസിയ സി.എച്ച്.എഫ്.

ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ മുൻ സുപ്പീരിയർ ജനറൽ മദർ അനസ്താസിയ സി.എച്ച്.എഫ്. (98) ചൊവ്വാഴ്ച (18.07.2023) വെളുപ്പിന് 3.00 മണിക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു. കരാഞ്ചിറ ആലപ്പാട്ട് എ.കെ. ജോസഫ് മാസ്റ്റർ - താണ്ടമ്മ ദമ്പതികളുടെ പത്തു മക്കളിൽ മൂത്തമകളാണ് മേരി എന്ന മദർ അനസ്താസിയ. വി. മറിയം ത്രേസ്യയാൽ സ്ഥാപിതമായ കുഴിക്കാട്ടുശ്ശേരി സ്കൂളിൽ നീണ്ട 24 വർഷങ്ങൾ അദ്ധ്യാപികയായും കുഴിക്കാട്ടുശ്ശേരി, ചെമ്പുക്കാവ്, ചേലക്കര എന്നിവിടങ്ങളിൽ പ്രധാനാദ്ധ്യാപികയായും സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ചു. സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ 9 വർഷവും ജനറൽ കൗൺസിലർ എന്ന നിലയിൽ 6 വർഷവും സേവനം ചെയ്ത മദറിന്റെ ശുശ്രൂഷാജീവിതം സമൂഹത്തിന്റെ ബഹുമുഖവളർച്ചക്ക് കാരണമായി. അതിനുശേഷം ഉത്തരേന്ത്യൻ മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യാനുള്ള തീവ്ര ആഗ്രഹത്തോടെ ഇറങ്ങിതിരിച്ച മദർ ബിജ്നോർ, ഭോപ്പാൽ, സാഗർ തുടങ്ങിയ രൂപതകളിൽ കുടുംബപ്രേഷിതത്വം, സാമൂഹ്യസേവനം, വില്ലേജ് സമുദ്ധാരണം എന്നീ മേഖലകളിലും സന്യാസിനി സമൂഹത്തിന്റെ പരിശീലനരംഗത്തും കാഴ്ചവെച്ച സേവനം നിസ്തുലമാണ്.

ഇതിനിടയിൽ കോൺഗ്രിഗേഷന്റെ പ്രാർത്ഥനാഭവനമായ പരിയാരം പൂവ്വത്തിങ്കലിൽ 5 വർഷം സുപ്പീരിയറായും ആത്മീയനിയന്താവായും വർത്തിച്ചു. പിന്നീടുള്ള 19 വർഷങ്ങൾ പേരാമ്പ്ര ഹോളി ഫാമിലി കോൺവെന്റിൽ ആശ്രമശുശ്രൂഷയിലും പരസ്നേഹപ്രവർത്തികളിലും ആഴമായ പ്രാർത്ഥനയിലും വ്യാപൃതയായിരുന്നു. പതിതരോടും പാവപ്പെട്ടവരോടുമുള്ള കരുണാർദ്രസ്നേഹം, കഠിനമായ അദ്ധ്വാനം, തപോനിഷ്ഠമായ വിശുദ്ധജീവിതം എന്നിവയാൽ സമ്പുഷ്ഠമായ മദറിന്റെ സമർപ്പിതജീവിതം അനേകായിരം പേർക്ക് വഴികാട്ടിയും മാതൃകയും മാർഗ്ഗദർശനവുമാണ്. 20-ാം തിയ്യതി വൈകീട്ട് 5 മണി മുതൽ പേരാമ്പ്ര ഹോളിഫാമിലി കോൺവെന്റിൽ മദറിന്റെ ഭൗതിക ശരീരം ഉണ്ടായിരിക്കുന്നതാണ്. 21-ാം തിയ്യതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ഇരിഞ്ഞാലകുട രൂപതാ ദ്ധ്യക്ഷൻ മാർ പോളി കണ്ണൂകാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാരശുശ്രൂഷ നട ത്തുന്നു. സി. മേരി ലൂർദ്ദ് സി.എച്ച്.എഫ്. (Late), സി. കസിയാന സി.എച്ച്.എഫ്. (Late), ശ്രീമതി ബേബി ജോസ്, ശ്രീ. അബ്രാഹം, ശ്രീമതി എൽസി പോൾ എന്നിവർ സ്വന്തം സഹോദരങ്ങളാണ്.